**പതിമൂന്നാം കേരള നിയമസഭ**
**പതിനൊന്നാം സമ്മേളനം**
**നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നമ്പർ . 6592**
**09/07/2014- ലെ മറുപടിക്ക്**
**സർക്കാർ ജീവനക്കാർക്ക് ഇടക്കാലാശ്വാസം**

| | ചോദ്യം | ഉത്തരം |
|---|---|---|
| | ശ്രീ.വി.ശശി | ശ്രീ. കെ.എം. മാണി<br>(ബഹു : ധനകാര്യവും നിയമവും ഭവന നിർമ്മാണവും വകുപ്പ് മന്ത്രി) |
| എ | കേരളത്തിലെ അദ്ധ്യാപകർക്കും ജീവനക്കാർക്കും ഇടക്കാലാശ്വാസം നൽകുന്ന കീഴ്വഴക്കം നിലവിലുണ്ടോ ; എങ്കിൽ ഏതെല്ലാം വർഷങ്ങളിലാണ് ഇടക്കാലാശ്വാസം അനുവദിച്ച് നൽകിയിട്ടുള്ളത് ? | കേരളത്തിലെ അദ്ധ്യാപകർക്കും ജീവനക്കാർക്കും ഇടക്കാലാശ്വാസം നൽകുന്ന കീഴ്വഴക്കം നിലവിലുണ്ട്. 1984, 1995, 2005 എന്നീ വർഷങ്ങളിലാണ് ഇടക്കാലാശ്വാസം അനുവദിച്ച് നൽകിയിട്ടുള്ളത്. |
| ബി | ഇടക്കാലാശ്വാസം അനുവദിക്കുന്നതിന് നിലവിൽ സ്വീകരിച്ചിട്ടുള്ളഅടിസ്ഥാന മാനദണ്ഡങ്ങൾ / കീഴ്വഴക്കങ്ങൾ എന്തെല്ലാമെന്ന് വിശദീകരിക്കാമോ : | നിലവിലുണ്ടായിരുന്ന ശമ്പളപരിഷ്കരണ കാലാവധി കഴിഞ്ഞ് പുതിയ ശമ്പള പരിഷ്കരണം നടപ്പിലാക്കുന്നതിന് കാലതാമസം ഉണ്ടാകുമ്പോഴാണ് ഇടക്കാലാശ്വാസം അനുവദിക്കുന്നത് |
| സി | ഇടക്കാലാശ്വാസം ആവശ്യപ്പെട്ടുകൊണ്ട് ഏതെല്ലാംസർവ്വീസ് സംഘടനകൾ / അദ്ധ്യാപക സംഘടനകൾനിവേദനം സമർപ്പിച്ചിട്ടുണ്ടെന്ന് വ്യക്തമാക്കുമോ ; | ഫെറ്റോ, ജോയിന്റ് കൗൺസിൽ എന്നീ സർവ്വീസ് സംഘടനകളാണ് ഇടക്കാലാശ്വാസം ലഭിക്കണമെന്നാവശ്യപ്പെട്ടുകൊണ്ട് നിവേദനം സമർപ്പിച്ചിട്ടുള്ളത്. |
| ഡി | സാധനവില കുതിച്ചുകയറുന്ന സാഹചര്യത്തിലും ശമ്പള പരിഷ്കരണനടപടികൾ പൂർത്തിയാക്കാൻ കൂടുതൽ സമയം ആവശ്യമായി വന്നിരിക്കുന്ന സാഹചര്യത്തിലും ഇടക്കാലാശ്വാസംഅനുവദിക്കാൻനടപടികൾ സ്വീകരിക്കുമോ ? | ഇടക്കാലാശ്വാസം അനുവദിക്കുന്ന കാര്യം ഇപ്പോൾ പരിഗണനയിലില്ല. |

സെക്ഷൻ ഓഫീസർ